(ബി) ഇക്കാര്യത്തിൽ ജില്ല തിരിച്ച് ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) 2005 സീസണിൽ നാളികേരത്തിന്റെ വിലയിടിവിനെ തുടർന്ന് സംസ്ഥാനത്ത് നാഫെഡിന്റെ നേതൃത്വത്തിൽ കേരഫെഡ് മുഖാന്തിരം കൊപ്ര സംഭരണം നടത്തി വരുന്നു. 2005-ൽ കൊപ്രയ്ക്ക് കേന്ദ്രം നിശ്ചയിച്ച താങ്ങുവിലയായ മില്ലിംഗ് കൊപ്ര ക്വിന്റലിന് 3570 രൂപയും ബോൾ കൊപ്ര ക്വിന്റലിന് 3820 രൂപയും നിരക്കിൽ നടത്തി വന്നിരുന്നത് 8-2-2006 മുതൽ പുതുക്കിയ താങ്ങുവിലയായ 3590 രൂപ, 3840 രൂപ നിരക്കിലാണ് സംഭരണം നടത്തി വരുന്നത്.

(ബി) ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും, സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ, നാഫെഡിന്റെയും കേര ഫെഡിന്റെയും പ്രതിനിധികൾ എന്നിവരടങ്ങുന്ന ജില്ലാതല കമ്മിറ്റിയാണ് കൊപ്ര സംഭ രിക്കാനുള്ള സംഘങ്ങളെ തെരഞ്ഞെടുക്കുന്നത്. സംഘങ്ങളെ കൂടാതെ സംസ്ഥാനത്ത് കേരഫെഡിന്റെ 10 സംഭരണ കേന്ദ്രങ്ങളും തുറന്നു പ്രവർത്തിക്കുന്നുണ്ട്.

ബാലഭിക്ഷാടനം നിരോധിക്കുന്നതിന് നടപടി

12 [*T 143] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാലഭിക്ഷാടനം വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ബാലഭിക്ഷാടനം നിരോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഭിക്ഷാടനത്തിൽ ഏർപ്പെടുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ജുവനൈൽ ജസ്റ്റീസ് ആക്ട് 2 ഡിയിൽ നിർവചിച്ചിട്ടുള്ള ചൈൽഡ് ഇൻ നീഡ് ഓഫ് കെയർ ആന്റ് പ്രൊട്ടക്ഷൻ വിഭാഗത്തിൽ ബാലഭിക്ഷാടനം നടത്തുന്നവരും ഉൾപ്പെടുന്നതാണ്. ജുവനൈൽ ജസ്റ്റീസ് ആക്ട് സെക്ഷൻ 32 പ്രകാരം പോലീസ് ഓഫീസർമാർ, പബ്ലിക് സർവന്റ്സ്, സോഷ്യൽ വർക്കർമാർ എന്നിവർക്ക് ഇത്തരം കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ഹാജരാക്കാവുന്നതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന കുട്ടികളെ പ്രസ്തുത ആക്ട് സെക്ഷൻ 34 പ്രകാരമുള്ള

'T' ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചിൽഡ്രൻസ് ഹോമിൽ താമസിപ്പിച്ച് സംരക്ഷണം നൽകുന്നതാണ്. ജുവനൈൽ ജസ്റ്റീസ് ആക്ട് സെക്ഷൻ 24 അനുസരിച്ച് കുട്ടികളെ ഭിക്ഷാടനത്തിന് ഉപയോഗിക്കുന്ന വർ ശിക്ഷാർഹമായ കുറ്റമാണ് ചെയ്യുന്നത്. അത്തരക്കാരെ വാറണ്ട് ഇല്ലാതെ തന്നെ അറസ്റ്റ് ചെയ്ത് മേൽ നടപടികൾ സ്വീകരിക്കുവാൻ ജുവനൈൽ ജസ്റ്റീസ് ആക്റ്റ് സെക്ഷൻ 27 പ്രകാരം പോലീസിന് അധികാരമുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശയിൻമേൽ നടപടി

13 [*144] ശ്രീ. മഞ്ഞളാംകുഴി അലി:

,, രാജു എബ്രഹാം:

,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; പൊതുമേഖലാ പരിഷ്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രൂപീകരിച്ച എന്റർപ്രൈസസ് റിഫോം കമ്മിറ്റി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ചും അല്ലാതെയും സംസ്ഥാനത്തെ പൂട്ടിക്കഴിഞ്ഞ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഇനിയും അടച്ചുപൂട്ടാൻ ശുപാർശ ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

(സി) ഇ. ആർ. സി. യുടെയും എസ്. പി. ബി. യുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുജ്ജീവിപ്പിക്കുകയുണ്ടായി ; അതുവഴി പുതുതായി ആർക്കെങ്കിലും തൊഴിൽ ലഭ്യമാക്കാൻ സാധ്യമായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) പുനരുദ്ധാരണത്തിന്റെ പേരിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര വീതം തൊഴിലാളികളെ ഒഴിവാക്കുകയുണ്ടായി ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുവാൻ മന്ത്രി സഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്; എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ബി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കേരള കൺസ്ട്രക്ഷൻ കംപോണന്റ്സ് ലിമിറ്റഡ്, മെട്രോപൊളിറ്റൻ എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് (ബി. ഐ. എഫ്. ആർ. തീരുമാനം), കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ് (ബി. ഐ. എഫ്. ആർ. തീരുമാനം) കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ് (ബി. ഐ. എഫ്. ആർ. തീരുമാനം) കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ പ്ലൈവുഡ്

LIBRARY ARCHIVES Kerala Legislative Assembly